**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **09-08-2023 - ൽ മറുപടിയ്ക്ക്**

**നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2010-ൽ വൈദ്യുതി ബോർഡ് ആവിഷ്കരിച്ച നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ ഇനിയും പ്രവർത്തനമാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നെല്ലിക്കാപ്പറമ്പ് 33കെ വി സബ്സ്റ്റേഷനു 2010- ൽ ഭരണാനുമതി ലഭിച്ചെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാവാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പിന്നീട് 2021 നവംബറിൽ M/s Poabs Rocks Products Ltd. കോഴിക്കോട് എന്ന സ്ഥാപനം അവരുടെ കൈവശമുള്ള 35 സെന്റ് സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി KSEBL - ന് വിട്ടുതരാൻ തയ്യാറാണെന്ന് അറിയിക്കുകയും അതനുസരിച്ച് RDSS - ൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ RDSS പദ്ധതികൾ നടപ്പിലാക്കാൻ സമയ-മെടുക്കുമെന്നതിനാൽ നെല്ലിക്കാപ്പറമ്പ് 33കെ വി സബ്സ്റ്റേഷൻ നിർമ്മാണം KSEBL തനത് ഫണ്ടിലേക്ക് മാറ്റി വകയിരുത്തി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (ബി) | ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ